**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 124** **12-01-2021 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അവയെ നേരിടുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (എ) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി ഏഷ്യയിൽ തന്നെ ആദ്യമായി പൊതുസ്വകാര്യ പങ്കാളിത്തത്തോട്ടു കൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് കേരള പോലീസ് സൈബർഡോം. സൈബർഡോമിൽ നിലവിൽ 500-ഓളം എത്തിക്കൽ ഹാക്കർമാരും രാജ്യത്തെ 30 ഓളം പ്രമുഖ ഐ.ടി കമ്പനികളും 1500 സ്റ്റുഡൻസ് വോളന്റിയർമാരും സൈബർ സെക്യൂരിറ്റിയിൽ സന്നദ്ധ സേവനത്തിലൂന്നി സഹകരിച്ചു പ്രവർത്തിച്ചു വരുന്നു. ഇന്റർ നാഷണൽ ഓർഗനൈസേഷൻസ് ആയ OWASP, ISACA, ISRA എന്നിവയും വിവിധ രാജ്യങ്ങളിലെ CERT കളും C-DAC ഐ.ടി മിഷൻ പോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുമായും സൈബർഡോം സഹകരിച്ചു പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ മെച്ചപ്പെട്ട സൈബർ സുരക്ഷ ലഭ്യമാക്കുന്നതിലേക്കായി തിരുവനന്തപുരം ടെക്നോപാർക്കിലെ സൈബർ ഡോമിനു പുറമേ, കൊച്ചിയിലും, കോഴിക്കോട്ടും സൈബർ ഡോമുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിലും ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ? | (ബി) | കേരള പോലീസിന്റെ സൈബർ ഡോമിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയ വഴിയുള്ള കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള സോഷ്യൽ മീഡിയ അനാലിസിസ് വിഭാഗവും സർക്കാർ/ അർദ്ധസർക്കാർ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റുകളുടെ സുരക്ഷാ പരിശോധന നടത്തുന്ന vulnerability അസ്സസ്മെന്റ് വിഭാഗവും മാൽവെയർ റാൻസം വെയർ എന്നിവയുടെ അനാലിസിസ് വിഭാഗവും പ്രവർത്തനം നടത്തി വരുന്നു. കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി സർക്കാർ അർദ്ധസർക്കാർ കോളേജുകൾ എന്നിവിടങ്ങളിലെ ടെക്നിക്കൽ വിഭാഗങ്ങളെ ഉൾപ്പെടുത്തി സൈബർ സെക്യൂരിറ്റി വർക്ക് |

| | | | |
|---|---|---|---|
| | | | ഷോപ്പുകളും സെമിനാറുകളും വർഷം തോറും നടത്തി വരുന്നു. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കുട്ടികളെയും, അദ്ധ്യാപകരെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് 'കിഡ് ഗ്ലോവ്' പോലുള്ള സൈബർ സുരക്ഷാ പദ്ധതികളും സൈബർ ഡോമിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തി വരുന്നു. കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ തടയുന്നതിനും ചൈൽഡ് പോണോഗ്രാഫി തടയുന്നതിനുമായി 'ഓപ്പറേഷൻ പി ഹണ്ട്' എന്ന പേരിൽ സംസ്ഥാന വ്യാപകമായിട്ടുള്ള പരിശോധനകളും നടന്നു വരുന്നു. ഇത് കൂടാതെ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും സൈബർ സെക്യൂരിറ്റി എന്നിവയെക്കുറിച്ചുമുള്ള നൂതന വിവരങ്ങൾ പോലീസിലെ മറ്റു സൈബർ വിഭാഗങ്ങൾക്കു പകർന്നു നൽകുന്നതിനായി സൈബർ ഡോമിന്റെ നേതൃത്വത്തിൽ വർക് ഷോപ്പുകളും സെമിനാറുകളും നടത്തി വരുന്നു. പൊതുജനങ്ങൾ സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതിരിക്കുവാനും ഇരയാകാതി രിക്കുവാനും ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തൊട്ടാകെയും സോഷ്യൽ മീഡിയ വഴിയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ